മലയാള മനോരമ

28 march 2022



ദിനിൽ പ്രസാദ് പിണറായിയിലെ തന്റെ കൂട് മത്സ്യക്കൃഷിയിടത്തിൽ.

# തൊഴിൽശ്രേഷ്ഠ പുരസ്കാരം മത്സ്യങ്ങളുടെ 'കൂട്ടുകാരന്'

**കൂട് മത്സ്യകൃഷി സാങ്കേതികവിദ്യ വികസിപ്പിച്ച സിഎംഎഫ്ആർഐക്കും അഭിമാന നിമിഷം**

കൊച്ചി • പിണറായി സ്വദേശി ദിനിൽ പ്രസാദിനു സംസ്ഥാന സർക്കാരിന്റെ 'തൊഴിൽശ്രേഷ്ഠ' പുരസ്കാരം ലഭിച്ചത് കൂട്മത്സ്യകൃഷി ജനകീയമാക്കാനുള്ള സിഎംഎഫ്ആർഐയുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയായി. കൂട്മത്സ്യകൃഷിയിൽ ആകൃഷ്ടനായതോടെ കരസേനയിലെ ജോലി വിട്ടാണ് 2018ൽ ദിനിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ പദ്ധതിയിൽ അംഗമാകുന്നത്. ആഭ്യന്തര മത്സ്യോൽപാദനം കൂട്ടുകയെന്ന ലക്ഷ്യത്തോടെ കേരളത്തിൽ 500 കൂടുമത്സ്യകൃഷി യൂണിറ്റുകൾക്ക് സിഎംഎഫ്ആർഐ തുടക്കമിട്ടപ്പോൾ ആദ്യ മത്സ്യക്കൂട് ലഭിച്ചത് ദിനിൽ പ്രസാദിനായിരുന്നു.

മൂന്നര വർഷത്തിനുള്ളിൽ തന്നെ കൂട്മത്സ്യകൃഷിയിൽ നേട്ടം സ്വന്തമാക്കാനായതാണ് ദിനിലിനെ പുരസ്കാരത്തിന് അർഹനാക്കിയത്. 7 കൂടുകളിലായി കരിമീൻ കൃഷിയും കരിമീൻ വിത്തുൽപാദനവും ചെയ്യുന്നതോടൊപ്പം കൂടുമത്സ്യകൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് സാങ്കേതിക സഹായവും ദിനിൽ നൽകുന്നു. 4 മീറ്റർ വീതം നീളവും വീതിയും ആഴവുമുള്ള 7 കൂടുകളിലായി 7000 കരിമീൻ കുഞ്ഞുങ്ങളെയാണ് കൃഷി ചെയ്യുന്നത്. ഓരോ കൂടിൽ നിന്നും ശരാശരി 150 കിലോ കരിമീനാണ് ഒരു വർഷം വിളവെടുക്കുന്നത്. ദിനിലിന്റെ സഹായത്തോടെ 75 കൂട്മത്സ്യകൃഷി യൂണിറ്റുകൾ മലബാറിലെ വിവിധ സ്ഥലങ്ങളിൽ നടക്കുന്നുണ്ട്.

ഡോ. ഇമൽഡ ജോസഫിന്റെ നേതൃത്വത്തിലുള്ള സിഎംഎഫ്ആർഐയിലെ മാരികൾച്ചർ വിഭാഗത്തിന്റെ പിന്തുണയോടെയാണ് 28 വയസ്സുള്ള ദിനിൽ പ്രസാദ് സംരംഭകനായത്. സിഎംഎഫ്ആർഐ വികസിപ്പിച്ച സാങ്കേതികവിദ്യ ജനകീയമാകുന്നതിൽ സന്തോഷമുണ്ടെന്ന് ഡയറക്ടർ ഡോ എ.ഗോപാലകൃഷ്ണൻ പറഞ്ഞു.